(സി) പ്രസ്തുത പദ്ധതി ഇതിനോടകം നടപ്പിൽ വരുത്താൻ കഴിഞ്ഞുവോ ; എങ്കിൽ എന്നുമുതലാണ് പദ്ധതി പ്രാബല്യത്തിൽ വന്നത് ;

(ഡി) ഇൻസ്പ്പോർ പദ്ധതിയിൽ ഭാഗഭാക്കാകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അദ്ധ്യാപകർക്കുള്ള ഇൻസ്പ്പോർ പദ്ധതി 13-9-2010-നാണ് വിജ്ഞാപനം ചെയ്തത്. കുട്ടികൾക്ക് പ്രാഥമിക ശാസ്ത്രത്തെക്കുറിച്ചും അതിന്റെ അവസരങ്ങളെക്കുറിച്ചും പരിചയപ്പെടുത്തുന്നതിന് അദ്ധ്യാപകർക്ക് നൽകുന്ന പരിശീലന പദ്ധതിയാണിത്. താത്പര്യമുള്ള കുട്ടികൾക്കും ഈ പദ്ധതിയിൽ പരിശീലനം നൽകുന്നതാണ്. സയൻസ് കോളേജും കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെയും സംയുക്ത സംരംഭമാണിത്.

(ബി) ഇൻസ്പ്പോർ പദ്ധതിക്കുവേണ്ടി ഈ സാമ്പത്തിക വർഷം (2010-11) അനുവദിച്ചത് 45 ലക്ഷം രൂപയാണ്. ഇത് ഇൻകൽകേറ്റ് പദ്ധതിയുടെ ഒരു ഭാഗമാണ്.

(സി) ആരംഭിക്കുവാൻ കഴിഞ്ഞു. 2011 ജനുവരി 24, 25 തീയതികളിൽ കേരളത്തിലുള്ള വിവിധ ജില്ലകളിൽ നിന്നും ഒരു ജില്ലയ്ക്ക് 4 ആർട്സ് ആന്റ് സയൻസ് കോളേജ് അദ്ധ്യാപകരെ വീതം സെലക്ട് ചെയ്ത് അവർക്ക് 2 ദിവസത്തെ പരിശീലനം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ജവർഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ച്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, നാഷണൽ കെമിക്കൽ ലബോറട്ടറി, NIIST, IISER മുതലായ സ്ഥാപനങ്ങളിൽ നിന്നും വിദഗ്ദ്ധരെ വച്ചു പരിശീലനം നടത്തി.

(ഡി) ശാസ്ത്രം പഠിക്കാൻ താൽപ്പര്യമുള്ള എല്ലാ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരിശീലനം കൊടുക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി www.insplore.in എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്.

കുഞ്ഞോം സർക്കാർ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

34(723) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവ. എൽപി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വയനാട് ജില്ലയിലെ കുഞ്ഞോം സർക്കാർ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സാധാരണഗതിയിൽ സർക്കാർ/എയ്ഡഡ് മേഖലകളിൽ പുതിയ സ്കൂളുകൾ അനുവദിക്കേണ്ടതില്ലെന്നും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യേണ്ടതില്ലെന്നും ആണ് സർക്കാരിന്റെ നയപരമായ തീരുമാനം. ആയതിനാൽ വയനാട് ജില്ലയിലെ കുറഞ്ഞാം സർക്കാർ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

അൺ എയ്ഡഡ് സ്കൂളുകളെ എയ്ഡഡ് സ്കൂളാക്കി മാറ്റിയ സാഹചര്യം

35(724) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി മാറ്റിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദവിവരം വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ ഒരു തീരുമാനം എടുക്കാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അൺ എയ്ഡഡ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കികൊണ്ടുള്ള ഒരു ഉത്തരവും ഈ സർക്കാരിന്റെ കാലയളവിൽ പുറപ്പെടുവിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പിന്നോക്ക പ്രദേശങ്ങളിൽ പുതിയ സ്കൂളുകൾ

36(725) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡഡ്/സർക്കാർ മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രഡ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധമായ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ;

(ബി) പിന്നോക്ക പ്രദേശങ്ങളിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സാധാരണഗതിയിൽ സർക്കാർ/എയ്ഡഡ് മേഖലകളിൽ പുതിയ സ്കൂളുകൾ അനുവദിക്കേണ്ടതില്ലെന്നും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യേണ്ടതില്ലെന്നും ആണ് സർക്കാരിന്റെ നയപരമായ തീരുമാനം.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly